**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2730** **17-03-2022 - ൽ മറുപടിയ്ക്ക്**

**വിരമിച്ച ജീവനക്കാരനുള്ള ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ജീവനക്കാരുടെ സഹകരണ സംഘത്തിൽ മുപ്പത്തി അഞ്ച് വർഷം സേവനം പൂർത്തിയാക്കി വിരമിച്ച ഒരു ജീവനക്കാരന് ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകുവാൻ ബഹു ഹൈക്കോടതി ഉത്തരവുണ്ടായിട്ടും ആയത് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ക്യൂ2176 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ആസ്ഥാനം സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പത്തനാപുരം താലൂക്കിലേക്ക് മാറ്റുകയും 09.03.2020 ൽ പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്റർ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട് ഫാമിംഗ് കോർപ്പറേഷനിൽ നിന്നുള്ള തൊഴിലാളികൾക്ക് നൽകിയ വായ്പാ തിരിച്ചടവ്, ജില്ലാ സഹകരണ ബാങ്കിൽ നിലനിൽക്കുന്ന ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക, സംഘത്തിൽ നിലവിലുണ്ടായിരുന്ന സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിങ്ങനെ വിവിധ കാരണങ്ങളാൽ സംഘം സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനെ തുടർന്നാണ് സംഘം ഭരണസമിതി ഒന്നടങ്കം രാജി വച്ചിട്ടുള്ളതും പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്ററെ നിയമി ക്കേണ്ട സാഹചര്യം ഉണ്ടായതും ഈ കാലങ്ങളിൽ ഒരു ജീവനക്കാരൻ മാത്രമാണ് സംഘത്തിലുണ്ടായിരുന്നത്. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിലെ ജീവനക്കാരനായിരുന്ന ടിയാൻ 28.6.1984 മുതൽ സേവനം അനുഷ്ഠിച്ച് 2020 മേയ് മാസം 30-ാം തീയതി സർവീസിൽ നിന്നും വിരമിച്ചിട്ടു ള്ളതാണ്. ശമ്പളയിനത്തിൽ കുടിശ്ശിക യായിട്ടുള്ള 5 മാസത്തെ ശമ്പള തുക 3,22,710/- രൂപയും, ഗ്രാറ്റുവിറ്റിയിനത്തിൽ 3,00,000/- രൂപയും 18.03.2021 ൽ ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ടിയാന് റിട്ടയർമെന്റ് ആനുകൂല്യം നല്കുന്നതിന്റെ ഭാഗമായി സംഘത്തിന്റെ പേരിലുള്ള കേരള ബാങ്കിന്റെ പേട്ട ശാഖയിൽ ഡി.എച്ച്.എസ്.നം. 1392, 2,72,000/- രൂപയുടെ സ്ഥിര നിക്ഷേപം പിൻവലിക്കുന്നതിന് പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്റർ 20.01.2021 തീയതി തീരുമാനമെടുത്തിട്ടുള്ളതും, പേട്ട ബ്രാഞ്ചിൽ 16.02.2021 ൽ നേരിട്ട് അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ കേരള ബാങ്കിന്റെ പേട്ട ശാഖയിൽ ക്യൂ.2176 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പേരിൽ 2,09,21,788/- രൂപ മുതലിനത്തിലും, 20,77,502/- രൂപ പലിശയിനത്തിലും കുടിശ്ശിക ഉള്ളതിനാൽ ടി ബാങ്കിന്റെ പേരിലുള്ള ഡി.എച്ച്.എസ്.നം. 1392 നിക്ഷേപം തിരികെ നൽകാൻ കേരള ബാങ്ക് തയ്യാറായിട്ടില്ല. പരാതിക്കാരന് സംഘത്തിൽ നിന്നും ലഭിയ്ക്കേണ്ടതായി ടിയാൻ അവകാശപ്പെടുന്ന തുകകൾ കേരളാ ബാങ്കിലുള്ള സ്ഥിര നിക്ഷേപ തുകയെക്കാൾ വളരെയധികം കൂടുത ലാണ്. സംഘത്തിന് ലഭിയ്ക്കേണ്ടതായിട്ടുള്ള തുകകൾ ഈടാക്കിയെടുക്കുന്നതിനുള്ള നടപടികൾ സംഘം അഡ്മിനിസ്ട്രേറ്റർ ത്വരിതപ്പെടുത്തി വരുന്നുണ്ട്. ടിയാൻ അവകാശപ്പെടുന്ന തുകകളുടെ കൃത്യത സർവ്വീസ് ബുക്ക് അടക്കമുള്ള രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തി ടിയാന് നല്കുന്നതിനുള്ള നടപടികൾ സംഘം അഡ്മിനിസ്ട്രേറ്റർ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | 30.05.2020ന് വിരമിച്ച പ്രസ്തുത ജീവനക്കാരന് എന്നത്തേയ്ക്ക ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ക്യൂ2176 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിന്റെ ആസ്ഥാനം സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പത്തനാപുരം താലൂക്കിലേക്ക് മാറ്റുകയും 09.03.2020 ൽ പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്റർ ചാർജ്ജെടുക്കുകയും ചെയ്തിട്ടുണ്ട് ഫാമിംഗ് കോർപ്പറേഷനിൽ നിന്നുള്ള തൊഴിലാളികൾക്ക് നൽകിയ വായ്പാ തിരിച്ചടവ്, ജില്ലാ സഹകരണ ബാങ്കിൽ നിലനിൽക്കുന്ന ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക, സംഘത്തിൽ നിലവിലുണ്ടാ യിരുന്ന സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിങ്ങനെ വിവിധ കാരണങ്ങളാൽ സംഘം സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനെ തുടർന്നാണ് സംഘം ഭരണസമിതി ഒന്നടങ്കം രാജി വച്ചിട്ടുള്ളതും പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്ററെ നിയമി ക്കേണ്ട സാഹചര്യം ഉണ്ടായതും ഈ കാലങ്ങളിൽ ഒരു ജീവനക്കാരൻ മാത്രമാണ് സംഘത്തിലുണ്ടായിരുന്നത്. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിലെ ജീവനക്കാരനായിരുന്ന ടിയാൻ 28.6.1984 മുതൽ സേവനം അനുഷ്ഠിച്ച് 2020 മേയ് മാസം 30-ാം തീയതി സർവീസിൽ നിന്നും വിരമിച്ചിട്ടു ള്ളതാണ്. ശമ്പളയിനത്തിൽ കുടിശ്ശിക യായിട്ടുള്ള 5 മാസത്തെ ശമ്പള തുക 3,22,710/- രൂപയും, ഗ്രാറ്റുവിറ്റിയിനത്തിൽ 3,00,000/- രൂപയും 18.03.2021 ൽ ടിയാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ടിയാന് റിട്ടയർമെന്റ് ആനുകൂല്യം നല്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി സംഘത്തിന്റെ പേരിലുള്ള കേരള ബാങ്കിന്റെ പേട്ട ശാഖയിൽ ഡി.എച്ച്.എസ്.നം. 1392, 2,72,000/- രൂപയുടെ സ്ഥിര നിക്ഷേപം പിൻവലിക്കുന്നതിന് പാർട്ട്-ടൈം-അഡ്മിനിസ്ട്രേറ്റർ 20.01.2021 തീയതി തീരുമാനമെടുത്തിട്ടുള്ളതും, പേട്ട ബ്രാഞ്ചിൽ 16.02.2021 ൽ നേരിട്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ കേരള ബാങ്കിന്റെ പേട്ട ശാഖയിൽ ക്യു.2176 സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള എംപ്ലോയീസ് സഹകരണ സംഘത്തിന്റെ പേരിൽ 2,09,21,788/- രൂപ മുതലിനത്തിലും, 20,77,502/- രൂപ പലിശയിനത്തിലും കുടിശ്ശിക ഉള്ളതിനാൽ ടി ബാങ്കിന്റെ പേരിലുള്ള ഡി.എച്ച്.എസ്.നം. 1392 നിക്ഷേപം തിരികെ നൽകാൻ കേരള ബാങ്ക് തയ്യാറായിട്ടില്ല. പരാതിക്കാരന് സംഘത്തിൽ നിന്നും ലഭിയ്ക്കേണ്ടതായി ടിയാൻ അവകാശപ്പെടുന്ന തുകകൾ കേരളാ ബാങ്കിലുള്ള സ്ഥിര നിക്ഷേപ തുകയെക്കാൾ വളരെയധികം കൂടുത ലാണ്. സംഘത്തിന് ലഭിയ്ക്കേണ്ടതായിട്ടുള്ള തുകകൾ ഈടാക്കിയെടുക്കുന്നതിനുള്ള നടപടികൾ സംഘം അഡ്മിനിസ്ട്രേറ്റർ ത്വരിതപ്പെടുത്തി വരുന്നുണ്ട്. ടിയാൻ അവകാശപ്പെടുന്ന തുകകളുടെ കൃത്യത സർവ്വീസ് ബുക്ക് അടക്കമുള്ള രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തി ടിയാന് നല്കുന്നതിനുള്ള നടപടികൾ സംഘം അഡ്മിനിസ്ട്രേറ്റർ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ